# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2142 06.02.2019 - ൽ മറുപടിക്ക്

**തിരുവനന്തപുരം ജില്ലയിലെ ജെ.എച്ച്.ഐ. ഗ്രേഡ്-2 ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഇജി2/40/2016 നമ്പർ 15.12.2018 തീയതി പ്രകാരമുള്ള ഉത്തരവിൽ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള പതിനൊന്ന് ജെ.എച്ച്.ഐ. ഗ്രേഡ്-2 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിരുന്നോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ; | എ) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.12.2018 തീയതിയിലെ നം.ഇ.ജി2-40-2016/ആ.വ.ഡ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ നിന്നും 11 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം പ്രമോഷനുമേലുള്ള അപ്പീലുകൾ പരിശോധിച്ചപ്പോൾ തിരുവനന്തപുരം ജില്ലയിൽ നിന്നും പ്രമോഷൻ പട്ടികയിൽ 11 പേരാണ് ഉൾപ്പെട്ടിരുന്നത്. ആയതിനാൽ 25.01.2019 തീയതിയിലെ നം.ഇ.ജി2-40/2016/ആ.വ.ഡ ഉത്തരവ് പ്രകാരം 15.12.2018 ലെ ഉത്തരവ് പരിഷ്കരിക്കുകയും തിരുവനന്തപുരം ജില്ലയിൽ ഉണ്ടായിട്ടുള്ള 11 ജെ.എച്ച്.ഐ ഗ്രേഡ് 2 ഒഴിവുകളിൽ ഒരെണ്ണം അന്തർ ജില്ലാ സ്ഥലംമാറ്റത്തിനും 10 എണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിരുന്നു. അതിൽ 7 ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 3 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ബൈട്രാൻസ്ഫർ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ എത്രപേർ അധികമായി ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ? | ബി) | നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ബൈട്രാൻസ്ഫർ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ 12 പേർ അധികമായി ജോലി ചെയ്യുന്നു. |

Milan

സെക്ഷൻ ഓഫീസർ